# റയോൺ വില്പന, ഒപ്പം പുഴയും കാടും!

മീഡിയാമേറ്റ്
(വിവരങ്ങൾക്ക് കടപ്പാട് : എൻ.പി. ജോൺസൺ)

'ഒന്നെടുത്താൽ മൂന്ന് - മുക്കാൽ പണത്തിന്' എന്നത് ഉത്സവപറമ്പിലെ പരസ്യവാചകമല്ല. പെരുമ്പാവൂർ ട്രാവൻകൂർ റയോൺസ് എന്ന പുകഴ്പ്പെറ്റ സ്ഥാപനം സർക്കാർ കൈമാറാൻ പോകുന്നത് ആ വഴിക്കാണ്. 72 ഏക്കർ രേഖയിലുള്ളതും ബാക്കി പുഴയോരം 28 ഏക്കർകൂടി. 350 കോടി രൂപ ആസ്തി കണക്കാക്കപ്പെട്ട സ്ഥാപനം വെറും 5 കോടി മുടക്കിയാണ് പള്ളുരുത്തിയിലെ (കു)പ്രശസ്തമായ എലഞ്ഞിക്കൽ ഗ്രൂപ്പ് കരസ്ഥമാക്കുന്നത്. ഈ ഇടപാടിൽ ഉന്നത രാഷ്ട്രീയനേതാക്കൾ, ബാങ്കിങ് രംഗത്തെ 'വൺടൈം സെറ്റിൽമെന്റ്' വിദഗ്ദ്ധർ, വ്യവസായ വകുപ്പിലെ തൽപ്പരകക്ഷികൾ എല്ലാം ഉണ്ടാകാം. തൊഴിലാളി താൽപര്യം മുൻനിർത്തി സംഗതി നടപ്പിലാക്കാൻ തങ്ങൾ പ്രതിജ്ഞാബദ്ധരാണെന്ന് വ്യവസായ വകുപ്പുമന്ത്രിയും ട്രേഡ് യൂണിയൻ നേതാക്കന്മാരും പ്രഖ്യാപിച്ചു കഴിഞ്ഞു! ഇലഞ്ഞിക്കൽ ഗ്രൂപ്പിന്റെ സാരഥിയായ ജോജോയ്ക്ക് (ജോസഫ് വർഗീസ്) സൽസ്വഭാവ സർട്ടിഫിക്കറ്റ് നൽകുന്ന ചില സാമൂഹികപ്രവർത്തകരും മാധ്യമപ്രവർത്തകരും അണിയറ നീക്കങ്ങളിൽ സജീവമാണ്. 1000 ൽപരം കോടി രൂപ മുടക്കി റിലയൻസ് ആധിപത്യമുറപ്പിച്ച റയോൺ-സെല്ലോഫേൻ പേപ്പർവിപണിയിലക്ക് കാലുകുത്താൻ പോലും ത്രാണിയില്ലാത്ത ഒരു ചെറുകിട കളിക്കാരനെ മുൻനിർത്തിയുള്ള ഈ ബിനാമി ബിസിനസ്സിൽ ബലിയാടുകളാകാൻ പോകുന്നത് കമ്പനി തുറക്കുന്നതും കാത്ത് പ്രതീക്ഷയോടെ കഴിയുന്ന 1000ഓളം തൊഴിലാളികളാണ്. എത്ര പേർക്ക്, ഏത് ഘട്ടത്തിൽ തൊഴിൽ കൊടുക്കുമെന്നോ കുടിശ്ശിക ആനുകൂല്യങ്ങൾ എപ്പോൾ കൊടുക്കുമെന്നോ യാതൊരുറപ്പുമില്ല. കമ്പനി തുറന്നു കാണാനുള്ള തൊഴിലാളികളുടെ ആഗ്രഹം മുതലെടുത്ത് മറ്റു കച്ചവടങ്ങൾക്കാണ് പ്രമോട്ടർ തുനിയുന്നതെന്ന് ഇതിനകം വ്യക്തിമാക്കിയിട്ടുണ്ട്. ഐ.ടി, ടൂറിസം, കുപ്പി വെള്ള കച്ചവടം എന്നിവ ചേർത്ത് ഒരു പ്രത്യേക സാമ്പത്തിക മേഖലക്ക് അനുമതി നേടാനാണ് ശ്രമം. ജോജോയുടെ ഉടമസ്ഥതയിൽ ആലുവയിലെ എരുമത്തലയിൽ പ്രവർത്തിക്കുന്ന സ്പ്രിന്റ് കോളാ ഫാക്ടറി ഇവിടേക്ക് മാറ്റി സ്ഥാപിക്കപ്പെട്ടേക്കാം. വൻതോതിൽ കുപ്പിവെള്ളം പായ്ക്ക് ചെയ്ത് വിൽക്കുന്നതിന് ഇത് സൗകര്യമായിത്തീരും. രണ്ട് കിലോമീറ്റർ പുഴത്തീരമുള്ള എം. സി റോഡിനും നെടുമ്പാശ്ശേരി വിമാനത്താവളത്തിനും ഇടയിൽ സ്ഥിതിചെയ്യുന്ന കണ്ണായ ഈ സ്ഥലത്തോടൊപ്പം പാണിയേലിപോര്, ചേപ്പാട്, കല്ലാർ എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വൈദ്യുതി ഉൽപാദനത്തിന്റെ പേരിൽ ഭൂമി കൈമാറുന്നതിനും തീരുമാനമുണ്ട്.

വൈദ്യുതി ബോർഡിനുള്ള കുടിശ്ശികയ്ക്ക് പകരമെന്ന വ്യാജേന 5 ഏക്കർ കെ. എസ്. ഇ. ബി ക്ക് കൈമാറി 220 കെ.വി സബ്സ്റ്റേഷൻ സ്ഥാപിച്ച് ഭാവിയിലെ കച്ചവടങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ സർക്കാർ ചെലവിൽ ചെയ്തുകൊടുക്കുന്നതിനും ധാരണയുണ്ട്. ബാങ്കിങ്ങ് സ്ഥാപനങ്ങൾക്ക് നൽകേണ്ടിയിരുന്ന 110 കോടി രൂപ (പഴയ ഒരു കണക്കുപ്രകാരം) 5 കോടിയായി കുറച്ച് സർക്കാരിലും മറ്റ് ധനകാര്യ സ്ഥാപനങ്ങൾക്കുള്ള വായ്പാബാധ്യതകളും നികുതിയും എഴുതിതള്ളിയും തൊഴിലാളികൾക്കു നൽകേണ്ട 25 കോടി രൂപയുടെ ആനുകൂല്യങ്ങൾക്ക് അനന്തമായ അവധികൾ നൽകിയും 99 വർഷത്തേക്ക് ട്രാവൻകൂർ റയോൺസിനെ ഒരു താലത്തിൽ വെച്ച് യാതൊരുവിധ വ്യവസായിക വിശ്വാസ്യതയുമില്ലാത്ത ഒരു സംരംഭകനേ് കൈമാറുന്നതിനാണ് വ്യവസായവകുപ്പും ട്രേഡ് യൂണിയൻ നേതൃത്വവും തിടുക്കം കൂട്ടുന്നത്. തൊഴിലാളികളുടെ ശമ്പളത്തിൽനിന്ന് പിടിച്ചെടുത്ത എൽഐസി തുകപോലും നൽകാൻ വ്യവസ്ഥയില്ല.

സ്വർണ്ണത്തേക്കാൾ വിലയുള്ള പ്ലാറ്റിനം, റോഡിയം എന്നിവയുടെ സ്വർണ്ണസങ്കരങ്ങളാൽ നിർമിക്കപ്പെട്ട 12 കോടി രൂപ വില മതിപ്പുള്ള സ്പിന്നിങ്ങ് ജെറ്റുകൾ, 30 കോടി രൂപ വിലമതിപ്പുള്ള ഭീമാകാരങ്ങളായ കാസ്റ്റ് അയേൺ പൈപ്പുകൾ (ലെഡിൽ പൊതിഞ്ഞ) 100 കണക്കിന് ടൺ ചെമ്പുകമ്പികൾ, രണ്ടായിരത്തോളം തേക്കുമരങ്ങൾ, 150 ഓളം ചന്ദനമരങ്ങൾ, പ്രായമേറിയ കാറ്റാടിമരങ്ങൾ തുടങ്ങിയ വിറ്റാൽപോലും മുതൽമുടക്കിന്റെ പതിൻമടങ്ങ് പ്രമോട്ടർക്ക് തിരിച്ചുകിട്ടും. കൂടാതെ ആധുനിക രൂപകല്പനയിൽ പണിതീർത്ത വലിയ ബംഗ്ലാവും ഓഫീസ് സമുച്ചയവും ഉൾപ്പെടെ നിരവധി കെട്ടിടങ്ങളും കമ്പനിയുടെ ആസ്തിയിൽ പെടുന്നു. ലോകോത്തരനിലവാരമുള്ള ഒരു ജലശുദ്ധീകരണപ്ലാന്റും ഇവിടെയുണ്ട്. 5 കോടി രൂപ സർക്കാർ മുടക്കിയാൽ ഈ സ്ഥാപനം പൊതുമേഖലയിൽ നിലനിർത്തി തൊഴിലാളി താൽപര്യം പൂർണമായി സംരക്ഷിച്ചുകൊണ്ട് പുനരുദ്ധരിക്കാനാവുമെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. തുറന്ന ടെന്റർ ക്ഷണിച്ച് സംരംഭകരായി മുന്നോട്ട് വരുന്നവരിൽനിന്ന് കരുതൽനിക്ഷേപം സമാഹരിക്കുന്നതിലൂടെ ബാധ്യതകൾ തീർത്ത് അടി സ്ഥാനസൗകര്യങ്ങൾ ഒരുക്കി ഇവിടെ വ്യവസായസംരംഭകർക്ക് വഴിയൊരുക്കാനാകും. ഈ ആവശ്യങ്ങൾ ഉന്നയിച്ച് മെയ് അവസാനവാരം പെരുമ്പാവൂരിൽ പരിസ്ഥിതി സംസ്കാരിക കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ ജനകീയ കൺവെൻഷൻ നടക്കും. ശാസ്ത്രസാഹിത്യപരിഷത്ത്, എൻ.എ.പി.എം, ജനാധികാര രാഷ്ട്രീയ സമിതി, തൊഴിലാളി ഐക്യവേദി, ടിയുസിഐ, എസ്‌യുസിഐ, സോളിഡാരിറ്റി, കേരള കോൺഗ്രസ്സ് സെക്യുലർ, സർവ്വോദയ മണ്ഡലം, ഹരിതമൈത്രി തുടങ്ങിയ സംഘടനകൾ ചേർന്നാണ് കൺവെൻഷൻ സംഘടിപ്പിക്കുന്നത്. റയോൺസ് വിൽപ്പന തടയുന്നതിന് നിയമപോരാട്ടം അടക്കമുള്ള മാർഗ്ഗങ്ങൾ അവലംബിക്കുമെന്ന് പരിസ്ഥിതി സംസ്കാരിക കൂട്ടായ്മ ജില്ലാ കൺവീനർ എം. കെ രാജേന്ദ്രൻ അറിയിച്ചു.

*മറ്റത്തൂർ, തൃശൂർ*